# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3407 22.08.2017-ൽ മറുപടിക്ക്**

## രാഷ്ട്രീയ സംഘട്ടനം അവസാനിപ്പിക്കാൻ സമാധാന ശ്രമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.കെ.ആൻസലൻ<br>ശ്രീ.കെ.കെ. രാമചന്ദ്രൻ നായർ<br>ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം എത്ര സി.പി.ഐ(എം) പ്രവർത്തകരോ അനുഭാവികളോ രാഷ്ട്രീയ സംഘട്ടനത്തിന്റെ ഫലമായി കൊലചെയ്യപ്പെട്ടു എന്ന് അറിയിക്കാമോ; ആക്രമണത്തിൽ പരിക്കേറ്റവർ എത്രയാണ്; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2 സി.പി.ഐ.(എം) പ്രവർത്തകർ രാഷ്ട്രീയ സംഘട്ടനത്തിന്റെ ഫലമായി കൊലചെയ്യപ്പെടുകയും 682 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. |
| (ബി) ഇതിനെതിരെ സംസ്ഥാനത്തെ പ്രതിപക്ഷനേതാവ് എപ്പോഴെങ്കിലും ഉപവാസ സമരം നടത്തുവാനോ അക്രമികളെ അപലപിക്കുവാനോ മുതിർന്നിട്ടുണ്ടോ; ഗുണ്ടാ കുടിപ്പകയിൽ ആർ.എസ്.എസ് കാരൻ കൊല്ലപ്പെട്ടപ്പോൾ പ്രതിപക്ഷനേതാവ് ഉപവാസ സമരം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) രാഷ്ട്രീയ സംഘർഷത്തിൽ സി.പി.ഐ (എം) പ്രവർത്തകരോ അനുഭാവികളോ കൊല്ലപ്പെട്ടപ്പോഴോ ആക്രമിക്കപ്പെട്ട പ്പോഴോ പ്രതിപക്ഷനേതാവ് ഉപവാസ സമരം നടത്തിയതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എന്നാൽ സംസ്ഥാനത്തെ രാഷ്ട്രീയ അതിക്രമങ്ങൾക്കെതിരെയും ക്രമസമാധാന തകർച്ചയും ആരോപിച്ചു കൊണ്ട് 30.07.2017 ന് കോഴിക്കോട് കിഡ്സൺ കോർണറിൽ പ്രതിപക്ഷ നേതാവ് ഉപവാസ സമരം സംഘടിപ്പിച്ചിരുന്നു. |
| (സി) ഗുണ്ടാ ആക്രമണത്തെ രാഷ്ട്രീയവത്കരിക്കാനും ആക്രമണ പരമ്പരയിലേക്ക് നയിക്കാനുമിട യാക്കുന്ന ഇത്തരം അപക്വ നിലപാട് സമാധാന ശ്രമങ്ങൾക്ക് പ്രയോജനപ്രദമാകുമെന്ന് | (സി) ഗുണ്ടാ ആക്രമണത്തെ രാഷ്ട്രീയവൽക്കരിക്കാനുള്ള ഏത് ശ്രമവും സമാധാന ശ്രമങ്ങൾക്ക് തടസ്സമുണ്ടാക്കുന്നതാണ്. |

കരുതുന്നുണ്ടോ;

(ഡി) സമാധാനത്തിനായി സർക്കാർ മുൻകൈയെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

(ഡി) സംസ്ഥാനത്തെ രാഷ്ട്രീയ അക്രമങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണുന്നതിന്റെ ഭാഗമായി പ്രാദേശിക തലത്തിലും സംസ്ഥാന തലത്തിലും രാഷ്ട്രീയപാർട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് സമാധാന ചർച്ചകൾ നടത്തിയിട്ടുണ്ട്. കൂടാതെ ക്രമസമാധാനം ഉറപ്പുവരുത്തുവാൻ കർശനമായ നിർദ്ദേശം പോലീസ് അധികാരികൾക്ക് നല്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**